"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2019-20 വർഷത്തെ ബോണസ് നൽകുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്**

**സ.ഉ.(അച്ചടി) നം.67/2020/തൊഴില്** തീയതി,തിരുവനന്തപുരം, 14/08/2020

---

**<u>ഉത്തരവ്</u>**

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2019-20 വർഷത്തെ ബോണസ് നൽകുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നു

1. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ബോണസ് ആക്ടിന്റെ നാളിതുവരെയുള്ള ഭേദഗതികള്ക്ക് അനുസൃതമായി ബോണസ് നല്കേണ്ടതാണ്. സംസ്ഥാന സര്ക്കാര് ഭൂരിപക്ഷം ഷെയറുകളും കൈവശം വച്ചിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 8.33% മിനിമം ബോണസ് നല്കേണ്ടതാണ്. 8.33 ശതമാനത്തേക്കാള് കൂടുതല് ബോണസ് പ്രഖ്യാപിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങള് 2019-2020 -ലെ വരവ് ചെലവ് കണക്കിന്റെ ഓഡിറ്റ് പൂര്ത്തീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. 2019-2020 സാമ്പത്തിക വര്ഷം ഉള്പ്പെടെ തൊട്ടുമുമ്പുള്ള ഏതെങ്കിലും അഞ്ച് അക്കൗണ്ടിംഗ് വര്ഷത്തിലൊന്നില് ഉല്പ്പാദനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങള്ക്ക് മിനിമം ബോണസ് അനുവദിക്കാവുന്നതാണ്. ഒരു വര്ഷം കുറഞ്ഞത് 3 0 പ്രവര്ത്തി ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള ജീവനക്കാരന് ബോണസിന് അര്ഹത ഉണ്ടായിരിക്കും.

3. 2019-2020 വര്ഷം ലാഭത്തില് പ്രവര്ത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങള് **പെയ്മെന്റ്** ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകള് പ്രകാരം കൃത്യമായും ബോണസ് നല്കിയിരിക്കണം. **പെയ്മെന്റ്** ഓഫ് ബോണസ് ആക്ടില് നിഷ്കര്ഷിച്ചിട്ടുള്ള കുറഞ്ഞ ബോണസില് അധികരിച്ച ബോണസ് നല്കുന്ന ലാഭത്തില് പ്രവര്ത്തിക്കുന്ന കമ്പനികള്, പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ സെക്ഷന് 11 അനുസരിച്ച്

ബോണസിന്റെ പരിധി 20% ല് അധികരിക്കരുതെന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്. സെക്ഷന് 11 ല് പ്രതിപാദിക്കുന്നത് "..... ആയത് ജീവനക്കാരന് ഒരു അക്കൗണ്ടിംഗ് വര്ഷം വാങ്ങുന്ന ശമ്പളത്തിന് അഥവാ വേതനത്തിന് ആനുപാതികമായ ശമ്പളത്തിന്റെ അഥവാ വേതനത്തിന്റെ 2 0 % ല് അധികരിക്കാത്ത വിധത്തില് "എന്നാണ്.

4. തുടർച്ചയായി നഷ്ടത്തില് പ്രവര്ത്തിക്കുന്നതും എന്നാല് പ്രധാനമായും സംസ്ഥാന സര്ക്കാരിന്റെ ഗ്രാൻറ്, പ്രവര്ത്തന മൂലധന സഹായം തുടങ്ങിയ ബജറ്ററി സപ്പോര്ട്ട് ഉപയോഗപ്പെടുത്തി 2019-2020 സാമ്പത്തിക വര്ഷത്തില് ലാഭം ഉണ്ടാക്കിയിട്ടുള്ള അഥവാ സ്ഥാപനത്തിന്റെ മൊത്തം ആസ്തി 31.03.2020-ല് നെഗറ്റീവ് ആയിട്ടുള്ളതോ ആയ പൊതുമേഖലാ സ്ഥാപനങ്ങള് ബോണസ് 8.33 ശതമാനത്തില് പരിമിതപ്പെടുത്തേണ്ടതാണ്.
5. 2019-2020 സാമ്പത്തിക വര്ഷത്തില് നഷ്ടം ഉണ്ടായ സ്ഥാപനങ്ങള് പെയ്മെന്റ് ഓഫ് ബോണസ് ആക്ട് പ്രകാരം അര്ഹതപ്പെട്ട ബോണസ് 8.33 ശതമാനത്തില് അധികരിച്ച് അനുവദിക്കാന് പാടില്ല.
6. നാളിതുവരെ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള പെയ്മെന്റ് ഓഫ് ബോണസ് ആക്ടിലെ വ്യവസ്ഥകള്ക്ക് വിധേയമായി മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങള് ബോണസ് അനുവദിക്കാവൂ. പ്രതിമാസം 24,000/- രൂപ വരെ ശമ്പളം വാങ്ങുന്ന ജീവനക്കാര്ക്ക് മാത്രമേ ബോണസിന് അര്ഹതയുള്ളൂ. (ജീവനക്കാരന് എന്ന നിര്വ്വചനത്തില് അപ്രൻറീസ് ഉള്പ്പെടുന്നില്ല).

7. കയർ, കശുവണ്ടി മേഖലകളിലെ തൊഴിലാളികള്ക്ക് ബന്ധപ്പെട്ട വ്യവസായ ബന്ധസമിതികളുടെ തീരുമാനപ്രകാരമുള്ള ബോണസ് അനുവദിക്കേണ്ടതാണ്.

8. 24,000/- രൂപയില് കൂടുതല് ശമ്പളം വാങ്ങുന്ന ജീവനക്കാര്ക്ക് സര്ക്കാര് ഉത്തരവ് പ്രകാരം അനുവദിക്കുന്ന പ്രത്യേക ഉത്സവബത്ത ഒഴികെ ബോണസോ എക്സ്ഗ്രേഷ്യയോ ഇന്സൻറീവ് ആനുകൂല്യങ്ങളോ മറ്റേതെങ്കിലും പേരിലുള്ള ആനുകൂല്യങ്ങളോ നല്കാന് പാടില്ല.

9. ഈ മാര്ഗ്ഗനിര്ദ്ദേശങ്ങളില് നിന്ന് വ്യതിചലിച്ചുകൊണ്ട് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളോ, ബോര്ഡുകളോ, സഹകരണ സ്ഥാപനങ്ങളോ, മറ്റേതെങ്കിലും സ്ഥാപനങ്ങളോ ആനുകൂല്യങ്ങള് അനുവദിക്കുന്ന തീരുമാനങ്ങള് കൈക്കൊള്ളുവാന് പാടുള്ളതല്ല. മാര്ഗ്ഗനിര്ദ്ദേശങ്ങളില് നിന്നുള്ള ലംഘനത്തിന് ബന്ധപ്പെട്ട സ്ഥാപനത്തിലെ മേധാവിയും സ്ഥാപനങ്ങളിലെ ധനകാര്യ വിഭാഗം മേധാവിയും വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

10. പൊതു മാര്ഗ്ഗനിര്ദ്ദേശങ്ങളില് നിന്ന് വ്യതിചലിക്കുന്ന നിര്ദ്ദേശങ്ങള് സമര്പ്പിക്കുവാന്

ഉദ്ദേശിക്കുന്നു എങ്കില്, ആയതില് സര്ക്കാരിന് വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിനായി, ഡയറക്ടര് ബോര്ഡിന്റെ അംഗീകാരം നേടിയ ശേഷം സര്ക്കാരിന്റെ അംഗീകാരത്തിനായി, പരമാവധി ഓണത്തിന് 15 ദിവസം മുമ്പെങ്കിലും പ്രസ്തുത നിര്ദ്ദേശങ്ങള് സര്ക്കാരില് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള സമയപരിധി പാലിക്കേണ്ടത് ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്തം ആയിരിക്കും.

11. ഈ ഉത്തരവ് സംസ്ഥാന സര്ക്കാരിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങള്ക്കും ബാധകമായിരിക്കും.

12. ഈ ഉത്തരവ് ഉല്പ്പാദനമേഖലയുമായി ബന്ധപ്പെട്ട് പ്രവര്ത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങള്ക്കും ബാധമായിരിക്കും.

13. ഉല്പ്പാദനമേഖലയുമായി ബന്ധപ്പെടാത്ത സഹകരണ സ്ഥാപനങ്ങള്ക്ക് ബാധമാകുന്ന മാര്ഗ്ഗനിര്ദ്ദേശങ്ങള് സഹകരണ സംഘം രജിസ്ട്രാര് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

14. തൊഴില് വകുപ്പ് മന്ത്രി വിളിച്ചു ചേര്ക്കുന്ന 'ത്രികക്ഷി സമ്മേളന' ത്തിന്റെ അടിസ്ഥാനത്തില് ബന്ധപ്പെട്ട വകുപ്പ മന്ത്രിമാര് കൈക്കൊള്ളുന്ന ബോണസ് സംബന്ധിച്ച തീരുമാനം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം മാത്രം നടപ്പാക്കേണ്ടതാണ്. എന്നാല് പരിധിയില്ലാതെ ആനുകൂല്യങ്ങള് അനുവദിക്കുന്നത് 'ത്രികക്ഷി സമ്മേളന'ത്തില് ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളില് ഉയര്ന്ന പരിധി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം നേടിയ ശേഷം ഭരണ വകുപ്പിന് തന്നെ തീരുമാനിക്കാവുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം നേടാതെ നല്കുന്ന അധിക ആനുകൂല്യങ്ങള് യാതൊരു സാഹചര്യത്തിലും സാധൂകരിക്കപ്പെടുകയില്ല.

15. മാര്ഗ്ഗനിര്ദ്ദേശങ്ങള്ക്ക് വിരുദ്ധമായി നല്കുന്ന അധിക തുക ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരില് നിന്നും ഈടാക്കുന്നതാണ്.

16. എക്സ്ഗ്രേഷ്യാ, പെര്ഫോര്മന്സ് ലിങ്ക്ഡ് ഇന്സെന്റീവ്, ഇന്സെന്റീവ്, ഫെസ്റ്റിവല് ഗിഫ്റ്റ് തുടങ്ങി ഏതു പേരില് വിവക്ഷിക്കപ്പെട്ടാലും മാര്ഗ്ഗരേഖയിലെ വ്യവസ്ഥകള്ക്കനുസൃതമായി ബോണസ്സിന്റെ പരിധി നിജപ്പെടുത്തേണ്ടതാണ്.

17. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാര്ക്ക് 2019-2020 വര്ഷത്തെ ബോണസ്,

എക്സ്ഗ്രേഷ്യ, പെർഫോമന്സ് - ലിങ്ക്ഡ് ഇന്സൻറീവ്, ഇന്സൻറീവ്, ഫെസ്റ്റിവല് ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2018-19 ലെ തുകയില് അധികരിക്കാന് പാടില്ല.

18. ബോണസ് നിശ്ചയിക്കുമ്പോള് കഴിഞ്ഞ വര്ഷം നല്കിയതിനേക്കാള് കുറവാകുകയാണെങ്കില് കഴിഞ്ഞ വര്ഷം നല്കിയ ബോണസ് തുക തന്നെ ഇപ്രാവശ്യവും നല്കേണ്ടതാണ്.
19. ബോണസ് തുക കഴിഞ്ഞ വർഷം നൽകിയ തുകയിൽ അധികരിക്കാൻ പാടില്ല.
20. പുതുതായി 2019-2020 വര്ഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോമന്സ് -ലിങ്ക്ഡ് ഇന്സൻറീവ്, ഇന്സൻറീവ്, ഫെസ്റ്റിവല് ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2019-2020-ലെ മാര്ഗ്ഗനിര്ദ്ദേശങ്ങള്ക്ക് അനുസരിച്ചായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടിമാർ,/പ്രിന്സിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവുമാർ

മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ, കിഴക്കേക്കോട്ട, തിരുവനന്തപുരം

സെക്രട്ടറി, കെ.എസ്.ഇ.ബി, വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ്, വികാസ് ഭവൻ, തിരുവനന്തപുരം

രജിസ്ട്രാർ, കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരവനന്തപുരം

ധനകാര്യ (പി.യു) വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പ്.

ധനകാര്യ നിയമ വകുപ്പുകൾ ഉൾപ്പെടെയുള്ള സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ, ആഡിറ്റ്) കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടറിയറ്റ്,തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം. 4158 തീയതി, 12.08.2020 പ്രകാരം )

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ പി.എ ക്ക്